DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

11-05--2021

# കാർഷികമേഖലാവാർത്തകൾ

## 1. ടെലിവെറ്ററിനറിസംവിധാനം

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനം തുടരുന്ന സാഹചര്യത്തിൽരോഗപ്രതിരോധ നിയന്ത്രണങ്ങളുടെ ഭാഗമായി പല മേഖലകളെയുംകണ്ടയിന്റ്മെന്റ്സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകരുടെവളർത്തുമൃഗങ്ങളുടെപരിപാലനവുംമൃഗചികിത്സയുംസംബന്ധിച്ച സംശയങ്ങൾദൂരീകരിക്കുന്നതിനുംചികിത്സാഉപദേശങ്ങൾ നൽകുന്നതിനുമായിമൃഗസംരക്ഷണവകുപ്പിൽടെലിവെറ്ററിനറിസംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായിജില്ലാതലത്തിൽഒരുകാൾസെന്റർഎല്ലാപ്രവർത്തിദിവസങ്ങളിലും രാവിലെ 8 മണിമുതൽ 1 മണിവരെ പ്രവർത്തിക്കുന്നതാണ്. ജില്ലകളിലെകാൾസെന്ററിലെഫോൺ നമ്പർ ഇനി പറയുന്നു. കർഷകർ ഈ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരം -0471-2302643, കൊല്ലം -0474-2795076, പത്തനംതിട്ട - 0468-2270908, ആലപ്പുഴ - 0477-2252635, കോട്ടയം - 0481 -2564623, ഇടുക്കി - 0486-2223878, എറണാകുളം -0484-2351264, തൃശ്ശൂർ - 0487-2440232, പാലക്കാട് - 9447303310, മലപ്പുറം - 0483- 2734815,

കോഴിക്കോട്-0495-2368349, വയനാട് -04936 -202729, കണ്ണൂർ - 0497-2700184, കാസർഗോഡ് - 04994-224624

## 2. റെയിൻഗാർഡിങ്ങിലും റബ്ബർകൃഷിയിലും ഓൺലൈൻ പരിശീലനം

റെയിൻഗാർഡിങ്ങിലും റബ്ബർകൃഷിയിലുംറബ്ബർബോർഡ് ഓൺലൈൻ പരിശീലനങ്ങൾ നൽകുന്നു. റെയിൻഗാർഡിങ്ങിലുള്ള പരിശീലനം മെയ്18-ന് ഉച്ചയ്ക്ക്2.00മുതൽവൈകിട്ട്4.00വരെആയിരിക്കും. റബ്ബർകൃഷിയിലുള്ള ത്രിദിനപരിശീലനം മെയ്19മുതൽ21വരെആണ്. എല്ലാദിവസവുംരാവിലെപത്തുമണിമുതൽഉച്ചയ്ക്ക് ഒരു മണിവരെആണ് ഈ പരിശീലനം ക്രമീകരിച്ചിരിക്കുന്നത്. പരിശീലനമാധ്യമം മലയാളംആയിരിക്കും. ജി.എസ്.റ്റി. രജിസ്ട്രേഷൻ ഇല്ലാത്ത കേരളീയർക്ക്119രൂപയും (18ശതമാനം ജി.എസ്.റ്റി.യും ഒരു ശതമാനം ഫ്ളഡ്സെസ്സുംഉൾപ്പെടെ) ജി.എസ്.റ്റി. രജിസ്ട്രേഷൻ ഉള്ളകേരളീയർക്കുംകേരളത്തിന് പുറത്തുള്ളവർക്കും118രൂപയുംആയിരിക്കുംറെയിൻഗാർഡിങ് പരിശീലനത്തിനുള്ള ഫീസ്. റബ്ബർകൃഷിയിലുള്ള പരിശീലനഫീസ്714രൂപ (നികുതികൾഅടക്കം) ആണ്.ഡയറക്ടർ (ട്രെയിനിങ്), റബ്ബർബോർഡ് എന്ന പേരിൽ സെൻട്രൽ ബാങ്ക്ഓഫ്ഇന്ത്യ (ഐ.എഫ്.എസ്.സി. കോഡ് - CBIN0284150) യുടെകോട്ടയത്തുള്ളറബ്ബർബോർഡ് ബ്രാഞ്ചിലെ1450300184 എന്ന അക്കൗണ്ട് നമ്പറിലേക്ക് ഫീസ് നേരിട്ട്അടയ്ക്കാം. റെയിൻഗാർഡിങ് പരിശീലനത്തിൽ പങ്കെടുക്കാൻ മെയ്17-ന് വൈകിട്ട്3.00 മണിവരെയുംറബ്ബർകൃഷിയിലുള്ള പരിശീലനത്തിൽ പങ്കെടുക്കാൻ മെയ്18-ന് വൈകിട്ട്3.00 മണിവരെയുംരജിസ്റ്റർചെയ്യാം. ആദ്യംരജിസ്റ്റർചെയ്യുന്ന 200 പേർക്കായിരിക്കും പ്രോഗ്രാംലിങ്ക് ലഭിക്കുക. പരിശീലനങ്ങൾ സംബന്ധിച്ച കൂടുതൽവിവരങ്ങൾക്ക്0481-2353127 എന്ന ഫോൺ നമ്പറിലോ 7994650941എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടേണ്ടതാണ്.

## 3. കേരള കാർഷിക സർവ്വകലാശാല ഇ പഠന കേന്ദ്രത്തിന്റെ ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രത്തിന്റെ (സെന്റർ ഫോർ ഇ-ലേണിംഗ്) ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന Plant Propagation and Nursery Management എന്നഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറ് മാസമാണ് കോഴ്സിന്റെ കാലാവധി. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50 % മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. **അപേക്ഷകർക്ക് സ്വന്തമായി ഇ-മെയിൽ**

**ഐ.ഡിയുംമൊബൈൽഫോൺ നമ്പറും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.**SSLC, പ്രീഡിഗ്രി / പ്ലസ് ടു / വി.എച്ച്.എസ്.ഇ. എന്നിവയിൽ ഏതെങ്കിലും / തത്തുല്ല്യമോ, ഉയർന്നതോ ആയ മറ്റു വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെസ്കാൻ ചെയ്ത് പകർപ്പ് celkau@gmail.com എന്ന ഇമെയില് വിലാസത്തിലേക്ക് അയക്കേണ്ടതാണ്. പ്രായപരിധിയില്ല.

നിശ്ചിത യോഗ്യതയുള്ളവര് 67368597330 എന്ന അക്കൗണ്ട് നമ്പറിലേക്ക് ഓൺലൈൻ ബാങ്കിംഗ് വഴിയോ NEFT വഴിയോ ചുവടെ ചേർത്തിട്ടുള്ള കോഴ്സ് ഫീസ് അടയ്ക്കേണ്ടതാണ്. **രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 2021 മെയ് 25**

ഫീസ് നിരക്കുകൾ:

ഒരു വ്യക്തി/ പഠിതാവ് : **6500** രൂപ

വിദ്യാർഥികൾ : **3250**രൂപ

20 പേർ അടങ്ങുന്ന ഗ്രൂപ്പ് :**5000** രൂപ/ പഠിതാവ്

50പേർ അടങ്ങുന്ന ഗ്രൂപ്പ് : **4000** രൂപ/ പഠിതാവ്

100പേർ അടങ്ങുന്ന ഗ്രൂപ്പ് : **3250** രൂപ/ പഠിതാവ്

**2021മെയ് മാസം 26**-)0 തീയതി ഓൺലൈൻ ക്ലാസ്സുകള് ആരംഭിക്കുന്നതാണ്. കൂടുതൽവിശദശാംശങ്ങൾ പ്രസ്തുത വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും 9567190858 ,

7994076410, 9497353389 എന്നീഫോൺ നമ്പറുകളിലും ബന്ധപ്പെടാവുന്നതാണ്.

### 4. കർഷകഉൽപ്പാദകസംഘടന(എഫ് പി ഒ)കളുടെഓൺലൈൻ രജിസ്ട്രേഷൻ

കേരളത്തിൽസംസ്ഥാന കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ 50 എഫ്. പി. ഒ.കൾ അഥവാകർഷകഉൽപ്പാദകസംഘടനകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ഇപ്പോൾ നടന്നുവരികയാണ്. ഇതിനോടനുബന്ധിച്ച്ചിലജില്ലകളിൽ അനധികൃതമായി പണപ്പിരിവ് നടത്തുന്നതിനു വേണ്ടിയുള്ളവാർത്തകൾസോഷ്യൽമീഡിയവഴി പ്രചരിക്കുന്നു. ഇത്തരം പണപ്പിരിവ് നിവമവിരുദ്ധവും ശിക്ഷാർഹവുമാണ്. എഫ്. പി. ഒ രൂപീകരണത്തിനായിയാതൊരു പണപ്പിരിവും നടത്തേണ്ട കാര്യമില്ലെന്ന് പദ്ധതി നിർവ്വഹണം നടത്തുന്ന എസ്. എഫ്. എ.സിയുടെഉദ്യോഗസ്ഥർ അറിയിച്ചു. ആയതിനാൽഇത്തരംതെറ്റായ പ്രചരണങ്ങളെതിരിച്ചറിഞ്ഞ്വഞ്ചിതരാകാതിരിക്കണമെന്ന്എസ്.എഫ്.എ.സി യുടെ മാനേജിംഗ്ഡയറക്ടർഅറിയിച്ചു. പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾഅറിയുന്നതിന് 1800-425-1661 എന്ന നമ്പരിൽ ബന്ധപ്പെടുക.

### 5. അഗ്രിപ്രണർഷിപ്പ്ഓറിയന്റേഷൻ പ്രോഗ്രാം സ്റ്റാർട്ട് അപ്പ് ഇൻക്യൂബേഷൻ പ്രോഗ്രാം എന്നിവയിലേക്കായി അപേക്ഷ ക്ഷണിക്കുന്നു.

കാർഷികമേഖലയിലെ വ്യവസായങ്ങളെ ഉന്നമനത്തിലേക്ക് നയിക്കുന്നതിനും നവസംരംഭകരേപ്രോത്സാഹിപ്പിക്കുന്നതിനും, നൂതന ആശയങ്ങളെ സംരംഭമായിവളർത്തിയെടുക്കുന്നതിനുള്ള സാങ്കേതിക-വിദഗ്ദ്ധ സഹായങ്ങൾ-സാമ്പത്തികനൽകുന്നതിനുമായി കേരള

കാർഷികസർവ്വകലാശാലയിൽ 2018-19 മുതൽ കെയു.എ.റാഫ്ത്താർ അഗ്രിബിസിനസ്ഇൻക്യൂബേറ്റർ പ്രവർത്തിച്ചുവരുന്നുയു.എ.കെ .റെയ്സ്, കെ.എ .യു. പെയ്സ് എന്നിങ്ങനെ രണ്ടിന പ്രോഗ്രാമുകളിലായി ഈ രണ്ടുവർഷത്തിനകംഎൺപതോളംനവസംരംഭകരേ കെയു റാഫ്ത്താർ .എ. അഗ്രിബിസിനസ്ഇൻക്യൂബേറ്റർ പ്രാപ്തരാക്കികഴിഞ്ഞുയു റാഫ്ത്താർ .എ.കെ . അഗ്രിബിസിനസ്ഇൻക്യൂബേറ്ററിന്റെ ഈ സാമ്പത്തിക വർഷത്തിലെ (2012-22) അഗ്രിപ്രണർഷിപ്പ്ഓറിയന്റേഷൻ പ്രോഗ്രാം, സ്റ്റാർട്ട് അപ്പ് ഇൻക്യുബേഷൻ പ്രോഗ്രാംഎന്നിവയിലേക്കായി ഇപ്പോൾ അപേക്ഷിക്കാം

അഗ്രിപ്രണർഷിപ്പ്ഓറിയന്റേഷൻ പ്രോഗ്രാംകെ എ യു റെയ്സ്-2021(രണ്ടു മാസത്തെ പരിശീലന പരിപാടി +5 ലക്ഷം രൂപ വരെ ധനസഹായം(

സ്റ്റാർട്ട് അപ്പ് ഇന്ക്യൂബേഷൻ പ്രോഗ്രാംകെ എ യു പെ-യ്സ്2021 (രണ്ടുമാസത്തെ പരിശീലന പരിപാടി +25 ലക്ഷം രൂപ വരെ ധനസഹായം

കൂടുതൽ വിവരങ്ങൾക്ക്www.kau.in/rabi.kau.inഎന്ന വെബ്സൈറ്റുകൾ സന്ദർശിക്കാവുന്നതാണ്.**അപേക്ഷലഭിക്കേണ്ട അവസാന തീയതി ഈ മാസം 31 വൈകുന്നേരം 4 മണി.**

6. **കോഴിക്കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്**

തിരുവനന്തപുരംകുടപ്പനക്കുന്ന്, പ്രാദേശികകോഴിവളർത്തൽകേന്ദ്രത്തിൽ നിന്നും പൂവൻ കോഴിക്കുഞ്ഞുങ്ങൾകോഴിക്കുഞ്ഞ്ഒരെണ്ണത്തിന് 10 രൂപ നിരക്കിൽവിൽപ്പനയ്ക്ക്സജ്ജമാണ്. കോഴിക്കുഞ്ഞുങ്ങളെആവശ്യമുള്ള ഉപഭോക്താക്കൾ 0471– 2730804 എന്ന ഫോൺ നമ്പരിൽ കോഴിവളർത്തൽകേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണെന്ന്കുടപ്പനക്കുന്ന്, പ്രാദേശികകോഴിവളർത്തൽകേന്ദ്രത്തിലെഅസിസ്റ്റന്റ്ഡയറക്ടർഅറിയിച്ചു.

## 7. പൈനാപ്പിൾതൈകൾലഭ്യമാണ്

വാഴക്കുളംപൈനാപ്പിൾഗവേഷണകേന്ദ്രത്തിൽ നിന്നുംMD-2 ഇനം പൈനാപ്പിൾതൈകൾവിൽപ്പനയ്ക്ക്ലഭ്യമാണ്. വില 20 രൂപ. കൂടുതൽവിവരങ്ങൾക്ക് 0485-2260832 എന്ന നമ്പരിൽ ബന്ധപ്പെടുക. കൂടാതെ പാഷൻഫ്രൂട്ടിന്റെ മഞ്ഞ, പർപ്പിൾതൈകളും 20 രൂപ നിരക്കിൽലഭ്യമാണ്.